(എഫ്) ഹിതപരിശോധന നടത്തുന്ന കാര്യത്തിൽ തൊഴിൽവകുപ്പ് സഹകരിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിസ്സഹകരിച്ച ഉദ്യോഗസ്ഥൻമാരുടെ മേൽ എന്ത് നടപടി എടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു. 10-10-1996-ൽ

(ബി) 28-11-2002-ലെ ലേബർ കമ്മീഷണറുടെ ഉത്തരവുപ്രകാരം കേരള അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ ചീഫ് ഇൻസ്പെക്ടറായ ശ്രീ സി. യു. മണിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) അദ്ദേഹം 20-12-2002, 6-2-2004, 10-2-2004 തിയതികളിൽ തൊഴിലാളി പ്രതിനിധികളും വകുപ്പുദ്യോഗസ്ഥൻമാരുമായി ചർച്ചകൾ നടത്തി. 10-2-2004-ലെ യോഗം തീരുമാനമാകാതെ പിരിഞ്ഞു.

(ഡി ആന്റ് ഇ) തൊഴിൽ തർക്ക നിയമപ്രകാരമുള്ള സെറ്റിൽമെന്റ് എത്തിച്ചേരാത്തതാണ് ഹിതപരിശോധന നടത്താൻ കഴിയാത്തത്. ഇത് ലേബർ കമ്മീഷണറുടെ ചുമതലയാണ്.

(എഫ്) തൊഴിൽ വകുപ്പ് സഹകരിക്കാതിരുന്നിട്ടില്ല.

ഉദിക്കുന്നില്ല.

പ്രസ്സുകളിലെ തൊഴിലാളികൾ ചെയ്യുന്ന ജോലിക്ക് പ്രതിദിന ഔട്ട് ടേൺ നിർണ്ണയിച്ചിട്ടുള്ള വിവരം

161 [1969] ശ്രീ. എ. പി. അനിൽകുമാർ:

" കെ. സി. വേണുഗോപാൽ:

" കെ. മുഹമ്മദാലി:

" കെ. എ. ചന്ദ്രൻ:

" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ തൊഴിലാളികൾ ചെയ്യുന്ന ജോലിക്ക് പ്രതിദിന ഒട്ട് ടേൺ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഓരോ തൊഴിലാളിക്കും നിർണ്ണയിച്ചിട്ടുള്ള ഔട്ട് ടേൺ പൂർത്തിയാകാത്തപക്ഷം അവരുടെമേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നത്;

(സി) ഒട്ട് ടേൺ ഇല്ലാതെ വരികയോ കുറയുകയോ ചെയ്യുന്ന തൊഴിലാളികളുടെ ഇൻക്രിമെന്റ് തടയാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കഴിഞ്ഞ വർഷം ഔട്ട് ടേൺ തികയാതിരുന്ന എത്രപേർക്ക് ഇൻക്രിമെന്റ് അനുവദിക്കാതിരുന്നിട്ടുണ്ട്;

(ഇ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ഗ്രൈനർ തസ്തികയിൽ നിയമിക്കപ്പെട്ട ആൾ ഇപ്പോൾ എന്തുജോലി ചെയ്യുന്നു;

(എഫ്) പ്രസ്തുത ജോലി ചെയ്യുന്നതിനുള്ള കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ;

(ജി) അയാൾക്ക് നിശ്ചയിച്ചിട്ടുള്ള ഔട്ട് ടേൺ എത്ര;

(എച്ച്) പ്രസ്തുത വ്യക്തി ഈ ഔട്ട് ടേൺ പൂർത്തിയാക്കാറുണ്ടോ;

(ഐ) അയാൾ എത്ര കാലമായി ഔട്ട് ടേൺ പൂർത്തിയാക്കാതിരിക്കുന്നു;

(ജെ) അയാൾക്ക് റഗുലറായി ഇൻക്രിമെന്റ് നൽകുന്നുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിൽ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം സെൻട്രൽ പ്രസ്സിൽ മൂന്നുപേരുടെ ഇൻക്രിമെന്റ് തടഞ്ഞുവച്ചിട്ടുണ്ട്. ബ്രാഞ്ചു പ്രസ്സുകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ഇ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ ഗ്രെയിനർ തസ്തികയിൽ നിയമിക്ക പ്പെട്ടയാൾ ഇപ്പോൾ റീപ്രൊഡക്ഷൻ സെക്ഷനിൽ ജോലി നോക്കുന്നു.

(എഫ്) അച്ചടി വിദ്യയിൽ സാങ്കേതികമായി വന്ന മാറ്റം കാരണം പ്ലേറ്റ് ഗ്രെയിനിംഗ് ഇപ്പോൾ ചെയ്യേണ്ടിവരുന്നില്ലാത്തതിനാൽ.

(ജി) ഗ്രെയിനർ തസ്തികയിൽ ഔട്ട് ടേൺ ഇല്ല. റീപ്രൊഡക്ഷൻ സെക്ഷനിൽ 1-1-2004 മുതൽ 7½ മണിക്കൂർ ഔട്ട് ടേൺ നിശ്ചയിച്ചിട്ടുണ്ട്.

(എച്ച്) അദർ ഡ്യൂട്ടിയിൽ റീപ്രൊഡക്ഷനിൽ ജോലി ചെയ്യുന്നതുകൊണ്ട് ഔട്ട് ടേണിന് നിർബന്ധിക്കാറില്ല.

(ഐ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) അദർ ഡ്യൂട്ടിയിൽ വർക്ക് ചെയ്യുന്നതിനാലും ഔട്ടേൺ നൽകേണ്ട കാര്യമില്ലാത്തതിനാലും വാർഷിക ഇൻക്രിമെന്റ് നൽകാറുണ്ട്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ചെറുകിട ജലസേചന പദ്ധതികൾ

162 [1808] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ചെറുകിട ജലസേചന പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ട്;

(ബി) ഇവയിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു;

(സി) നിർമ്മാണത്തിലിരിക്കുന്ന എത്ര ചെറുകിട ജലസേചന പദ്ധതികളുണ്ട്;

(ഡി) പ്രവർത്തനം ആരംഭിക്കാത്ത പദ്ധതികൾ എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 6053 പദ്ധതികൾ.

(ബി) 5878 പദ്ധതികൾ.

(സി) 126 പദ്ധതികൾ.

(ഡി) 49 പദ്ധതികൾ.

മാള നിയോജക മണ്ഡലത്തിൽ പൂർത്തീകരിക്കുവാനുള്ള ചെറുകിട ജലസേചന പദ്ധതി

163 [1812] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ പൂർത്തീകരിക്കുവാനുള്ള ചെറുകിട ജലസേചന പദ്ധതികൾ ഏതെല്ലാം;

(ബി) അഷ്ടമിച്ചിറ, പുത്തൻചിറ സ്കീമുകൾ എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) മാളയിലെ സ്കീമുകൾ പൂർത്തീകരിക്കുവാൻ ഇനി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly